IT @ School
DEPARTMENT OF GENERAL EDUCATION
GOVERNMENT OF KERALA

**IT@SCHOOL STATE PROJECT OFFICE**
(IT Project under Directorate of Public Instruction)

VICTERS
(The complete educational channel)
POOJAPPURA. P.O., THIRUVANANTHAPURAM - 12
Ph: 0471-2529800 Fax: 0471-2529810
E-mail: contact@itschool.gov.in, victers@itschool.gov.in
Website: www.itschool.gov.in, www.victers.itschool.gov.in

നം.ITS/2017/1515 (26) തീയതി : 10.07.2017

# സർക്കുലർ

വിഷയം :- **ഐടി@സ്കൂൾ പ്രോജക്ട് - ഹൈടെക് സ്കൂൾ പദ്ധതി - പൈലറ്റ് പ്രവർത്തനങ്ങൾ നടത്തുന്ന മണ്ഡലങ്ങളിൽ ഐ.ടി. ഓഡിറ്റ് നടത്തുന്നതിനുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

വായന :-
1. സ. ഉ. (സാധാ) നം. 3390/16 പൊ. വി. വ. തീയതി 14.10.2016.
2. ഐ.ടി.@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.10.2016 ലെ ITS/2016/10/1515(18) നമ്പർ സർക്കുലർ.
3. ഐ.ടി.@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19.10.2016 ലെ ITS/2016/1515(22) നമ്പർ സർക്കുലർ.

സർക്കാർ, എയിഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ്സുമുറികളും ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളിൽ പൈലറ്റ് പദ്ധതി നടപ്പിലാക്കി വരുകയാണ്. പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് നൽകുന്ന ഉപകരണങ്ങൾ കൃത്യമായി സൂക്ഷിക്കുന്നതിന് അതത് സ്കൂളുകൾ തന്നെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കണമെന്ന് വായന പ്രകാരമുള്ള സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വായന 2 പ്രകാരമുള്ള നിർദ്ദേശങ്ങളനുസരിച്ച് സ്കൂളുകളിലെ ഐസിടി ഉപകരണങ്ങളുടെയും ക്ലാസ്സുമുറികളുടെയും വിവരശേഖരണം നടത്തിയിരുന്നു. ഐടി@സ്കൂളിലെ മാസ്റ്റർ ട്രെയിനർമാർ ഓരോ സ്കൂളും സന്ദർശിച്ച് നിജസ്ഥിതി വിലയിരുത്തിയശേഷമായിരിക്കും സ്കൂളുകൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതെന്നും വായന 2 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതി നടപ്പിലാക്കുന്ന മണ്ഡലങ്ങളിലെ ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അധ്യാപകർക്ക് പ്രത്യേക ഐ.സി.ടി. പരിശീലനം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ വായന 3 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

പൈലറ്റ് പദ്ധതി നടപ്പിലാക്കിയ മണ്ഡലങ്ങളിലെ നിജസ്ഥിതി മനസ്സിലാക്കുന്നതിനും ഓരോ സ്കൂളിലേയും പ്രത്യേകമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ജില്ലയ്ക്ക് പുറത്തുള്ള മാസ്റ്റർ ട്രെയിനർമാരുടെ സേവനം കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് ഐ.ടി. ഓഡിറ്റ് നടത്തുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. പ്രസ്തുത ഐ.ടി. ഓഡിറ്റ് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

- ജില്ലയിലെ ഒരു മാസ്റ്റർ ട്രെയിനറും ജില്ലയ്ക്ക് പുറത്തു നിന്നുള്ള ഒരു മാസ്റ്റർ ട്രെയിനറും അടങ്ങുന്ന ടീമാണ് ഓരോ സ്കൂളും സന്ദർശിക്കേണ്ടത്.

- വായന പ്രകാരമുള്ള സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്ന തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഓരോ സ്കൂളും നടപ്പിലാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

- ഐ.ടി. ഓഡിറ്റ് സംബന്ധമായ സ്കൂൾ സന്ദർശനം 2017 ജൂലൈ 14 നുമുമ്പ് പൂർത്തിയാക്കേണ്ടതാണ്.

- സ്കൂൾ സന്ദർശനം സംബന്ധിച്ച വിശദാംശങ്ങൾ (സന്ദർശന ദിവസവും സമയവും ഉൾപ്പടെ) മുൻകൂട്ടി സ്കൂളുകളെ അറിയിക്കേണ്ടതും സ്കൂൾ പ്രഥമാദ്ധ്യാപകർ, എച്ച്.ഐ.ടി.സി, എസ്.ഐ.ടി.സി എന്നിവരുടെ സേവനം സന്ദർശനദിവസം സ്കൂളിൽ ഉറപ്പുവരുത്തേണ്ടതുമാണ്.

- വായന 2 പ്രകാരം നടത്തിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ക്ലാസ് മുറികളും കമ്പ്യൂട്ടർ ലാബുകളും സജ്ജമാക്കിയിട്ടുണ്ടെന്ന് സ്കൂൾ സന്ദർശനത്തിൽ ഉറപ്പുവരുത്തേണ്ടതാണ്.

- സ്കൂളുകളിലെ ഉപകരണങ്ങളുടെ നിജസ്ഥിതിയും സ്റ്റോക്ക് രജിസ്റ്ററും ഐ.ടി. ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ടവർ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

- സ്കൂൾ സന്ദർശന റിപ്പോർട്ട് അനുബന്ധമായി നൽകിയിരിക്കുന്ന മാതൃകയിൽ തയ്യാറാക്കി പ്രഥമാധ്യാപകന്റെ സാക്ഷ്യപ്പെടുത്തൽ സഹിതം ജില്ലാ കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്. **ഓരോ സ്കൂളിലേയും പ്രത്യേകമായ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി (നൽകിയിരിക്കുന്ന മാതൃകയ്ക്കുപരി) സന്ദർശനം നടത്തുന്ന രണ്ട് മാസ്റ്റർ ട്രെയിനർമാരും ഒപ്പുവച്ച് ictsupport@itschool.gov.in എന്ന വിലാസത്തിലേയ്ക്ക് അയയ്ക്കേണ്ടതും പകർപ്പ് ജില്ലാ കോ-ഓർഡിനേറ്റർക്ക് നൽകേണ്ടതുമാണ്.**

- മണ്ഡലത്തിൽ പദ്ധതി നടപ്പിലാക്കുന്ന എല്ലാ സ്കൂളുകളിലേയും ക്രോഡീകരിച്ച റിപ്പോർട്ട് അതത് ജില്ല് കോ-ഓർഡിനേറ്റർ 2017 ജൂലൈ 17ന് മുൻപ് contact@itschool.gov.in എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

- സന്ദർശനം നടത്തുന്ന മാസ്റ്റർ ട്രെയിനർമാർക്ക് യഥാർത്ഥ ബസ് ചാർജ്ജും മെസ് അലവൻസായി പ്രതിദിനം 100/- രൂപയും അനുവദിക്കുന്നതാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

1. എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും
2. പൈലറ്റ് പദ്ധതി നടപ്പാക്കുന്ന ജില്ലകളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ/ ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി പ്രഥമാധ്യാപകർക്കും (ഐടി @ സ്കൂൾ ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം } അറിവിലേയ്ക്ക്
ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം
അക്കാഡമിക്/അക്കൗണ്ട്സ്/ഫിനാൻസ് വിഭാഗം
സ്റ്റോക്ക് ഫയൽ

IT @ School

DEPARTMENT OF GENERAL EDUCATION
GOVERNMENT OF KERALA

## ഹൈടെക് സ്കൂൾ സംവിധാനം

### <u>സ്കൂൾ സന്ദർശന റിപ്പോർട്ട്</u>

| | |
|---|---|
| സ്കൂൾ കോഡ് | |
| സ്കൂളിന്റെ പേര് | |
| അസംബ്ലി മണ്ഡലം | |
| സ്കൂളിലെ ആകെ അധ്യാപകരുടെ എണ്ണം | |

**I. ക്ലാസ്റൂം**

| | | | | | |
|---|---|---|---|---|---|
| 1. | ഹൈടെക് സംവിധാനം ഏർപ്പെടുത്തിയ ക്ലാസ്മുറികളുടെ എണ്ണം | | | | |
| 2. | സന്ദർശന ദിവസം കമ്പ്യൂട്ടർ – പ്രൊജക്ടർ എന്നിവയുടെ സഹായത്തോടെ ക്ലാസ് നടക്കുന്ന ക്ലാസ്മുറികളുടെ എണ്ണം | | | | |
| 3. | ഹൈടെക് ക്ലാസ്മുറികളുടെ പ്രവർത്തനം എസ്.ആർ.ജി, എസ്എം.സി , പി.ടി.എ എന്നിവയിൽ ചർച്ച ചെയ്തിട്ടുണ്ടോ ? | | | ഉണ്ട് | ഇല്ല |
| 4. | എല്ലാ ക്ലാസ്മുറികളിലെയും കമ്പ്യൂട്ടർ – പ്രൊജക്ടർ സംവിധാനം പ്രവർത്തനക്ഷമമാണോ? | | | അതെ | അല്ല |
| 4. a | അല്ലെങ്കിൽ, **പ്രവർത്തനക്ഷമമല്ലാത്ത** ക്ലാസ്മുറികളുടെ എണ്ണം | | | | |
| 5. | വൈറ്റ്ബോർഡ് സ്ഥാപിച്ച ക്ലാസ്മുറിയിൽ, ബ്ലാക്ക് ബോർഡ് സ്വാഭാവികമായ രീതിയിൽ അധ്യാപകർക്ക് ഉപയോഗപ്പെടുത്താൻ സാധിക്കുന്നുണ്ടോ? | | | ഉണ്ട് | ഇല്ല |
| 5. a | ഇല്ലെങ്കിൽ എന്തുകൊണ്ട്? | | | | |
| 6. | ക്ലാസ്മുറിയിൽ, ബ്ലാക്ക്ബോർഡ് സ്ഥാപിച്ചിരിക്കുന്ന സ്ഥലം | | | | |
| 6. a | ചുമരിന്റെ ഒരു മൂലയിൽ | | 6. b | വൈറ്റ്ബോർഡിന് അടിയിൽ | |
| 6. c | വൈറ്റ്ബോർഡിന്റെ ഒരുവശത്തോട് ചേർന്ന് | | 6. d | വൈറ്റ്ബോർഡിന്റെ നേരെ എതിർവശത്തുള്ള ചുമരിൽ | |
| 6. e | മറ്റിടങ്ങളിൽ | | | | |
| 7. | ബ്ലാക്ക്ബോർഡ്, വൈറ്റ്ബോർഡ് എന്നിവ ഒരേസമയം ഉപയോഗിച്ച് ക്ലാസ് നയിക്കാൻ അധ്യാപകർക്ക് കഴിയുന്നുണ്ടോ? | | | ഉണ്ട് | ഇല്ല |
| 7. a | ഇല്ലെങ്കിൽ എന്താണ് പരിമിതി? മെച്ചപ്പെടുത്താനുള്ള നിർദ്ദേശം | | | | |
| 8. | ക്ലാസ്മുറിയിൽ തന്നെയാണോ ദിവസവും കമ്പ്യൂട്ടർ സൂക്ഷിക്കുന്നത്? | | | അതെ | അല്ല |
| 8. a | അല്ലെങ്കിൽ എന്തുകൊണ്ട്? | | | | |
| 9. | ക്ലാസിലെ ശബ്ദസംവിധാനം തൃപ്തികരമാണോ? | | | അതെ | അല്ല |
| 10. | എല്ലാ ക്ലാസ്മുറിയിലും ബ്രോഡ് ബാന്റ് ഇന്റർനെറ്റ് ലഭിക്കുന്നുണ്ടോ? | | | ഉണ്ട് | ഇല്ല |
| 11. | ക്ലാസ്മുറിയിൽ ബ്രോഡ് ബാന്റ് ഇന്റർനെറ്റ് സംവിധാനം അധ്യാപകർ ഉപയോഗപ്പെടുത്തുന്നുണ്ടോ? | | | ഉണ്ട് | ഇല്ല |
| 11. a | ഇല്ലെങ്കിൽ എന്തുകൊണ്ട്? | | | | |

| | | | | | |
|---|---|---|---|---|---|
| 12. | ക്ലാസ്മുറി, കമ്പ്യൂട്ടർലാബ്, ഓഫീസ് എന്നിവയെക്കൂടാതെ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയിരിക്കുന്ന സ്ഥലം | | | | |
| 12. a | ലൈബ്രറി/റീഡിങ് റൂം | | 12. b | സ്റ്റാഫ്റൂം | |
| 12. c | മറ്റിടങ്ങൾ(Specify) | | | | |
| 13. | സ്കൂളിൽ ഐ.സി.ടി സംവിധാനം ഉപയോഗിച്ച് ക്ലാസ് കൈകാര്യം ചെയ്യുന്ന അധ്യാപകർ | | | | |
| 13. a | എല്ലാവരും | | 13. b | 75% നു മുകളിൽ | |
| 13. c | 50%നു മുകളിൽ | | 13. d | 25% നു മുകളിൽ | |
| 13. e | 25% ന് താഴെ | | 13. f | നിലവിൽ ആരും ഇല്ല | |
| 14. | ഐ.സി.ടി സംവിധാനം ഉപയോഗിച്ച് ക്ലാസ് കൈകാര്യം ചെയ്യുന്നതിന് വെല്ലുവിളിയായി എന്തെങ്കിലും പ്രശ്നം അധ്യാപകർക്ക് അനുഭവപ്പെടുന്നുണ്ടോ? | | | ഉണ്ട് | ഇല്ല |
| | ഉണ്ടെങ്കിൽ കാരണം? | | | | |
| 14. a | വൈദ്യുതി തടസ്സം | | 14. b | കമ്പ്യൂട്ടർ/പ്രൊജക്ടർ എന്നിവയുടെ തകരാർ | |
| 14. c | അനുയോജ്യമായ ഡിജിറ്റൽ റിസോഴ്സുകളുടെ അഭാവം | | 14. d | ആത്മവിശ്വാസക്കുറവ് | |
| 14. e. | സമയക്കുറവ് | | | | |
| 14. f | മറ്റുള്ളവ: (specify) | | | | |
| 15. | ഇവ പരിഹരിക്കുന്നതിനുള്ള സംവിധാനം സ്കൂൾതലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടോ? | | | ഉണ്ട് | ഇല്ല |
| 15. a | ഉണ്ടെങ്കിൽ വിശദാംശങ്ങൾ | | | | |
| 16. | സ്കൂളിൽ അധ്യാപകർ ഉപയോഗിക്കുന്ന പ്രധാന ഡിജിറ്റൽ റിസോഴ്സുകൾ | | | | |
| 16. a | വീഡിയോ | | 16. b | ഓഡിയോ | |
| 16. c | ഇന്ററാക്ടീവ് വിഭവങ്ങൾ | | 16. d | മൾട്ടീമീഡിയാ പ്രസന്റേഷൻ | |
| 16. e | മറ്റുള്ളവ (specify) | | | | |
| 17. | സമഗ്ര പോർട്ടൽ അധ്യാപകർ ഉപയോഗപ്പെടുത്തുന്നുണ്ടോ? | | | ഉണ്ട് | ഇല്ല |
| 18. | സ്വന്തമായി റിസോഴ്സുകൾ തയാറാക്കി അധ്യാപകർ ക്ലാസിൽ ഉപയോഗിക്കുന്നുണ്ടോ? | | | ഉണ്ട് | ഇല്ല |
| 19. | ഐ.സി.ടി. ശാക്തീകൃത പഠനം കാര്യക്ഷമമാക്കുന്നതിന് നിലവിലുള്ളതിൽ നിന്നും പ്രത്യേകമായ എന്തെങ്കിലും സംവിധാനം സ്കൂളിൽ ഏർപ്പെടുത്തിയിട്ടുണ്ടോ? | | | ഉണ്ട് | ഇല്ല |
| 19. a | ഉണ്ടെങ്കിൽ വിശദാംശങ്ങൾ | | | | |

**II. കമ്പ്യൂട്ടർലാബ്**

| | | | | | |
|---|---|---|---|---|---|
| 1. | കമ്പ്യൂട്ടർ ലാബിലെ ആകെ കമ്പ്യൂട്ടറുകളുടെ എണ്ണം | | | | |
| 2. | പ്രവർത്തനക്ഷമമായ കമ്പ്യൂട്ടറുകളുടെ എണ്ണം | | | | |
| 3. | വിദ്യാർഥികൾ പ്രായോഗികപരിശീലനത്തിനായി കമ്പ്യൂട്ടർ ഉപയോഗിക്കുന്നത് | | | | |
| 3. a | ഒരാൾക്ക് ഒരു കമ്പ്യൂട്ടർ വീതം | | 3. b | രണ്ടാൾക്ക് ഒരു കമ്പ്യൂട്ടർ വീതം | |
| 3. c | മൂന്നാൾക്ക് ഒരു കമ്പ്യൂട്ടർ വീതം | | 3. d | മൂന്നിലധികം പേർക്ക് ഒരു കമ്പ്യൂട്ടർ വീതം | |
| 4. | കമ്പ്യൂട്ടർ ലാബിൽ പ്രോജക്ടർ സ്ഥാപിച്ചിട്ടുണ്ടോ? | | | ഉണ്ട് | ഇല്ല |

| | |
|---|---|
| 5. | മറ്റു നിരീക്ഷണങ്ങൾ<br><br><br><br><br> |

മാസ്റ്റർ ട്രെയ്നറുടെ പേര് :

1. ............................................................................ (ഒപ്പ് ) ..............................

2. ............................................................................(ഒപ്പ്) ..............................

സ്കൂൾ പ്രധമാധ്യാപകന്റെ ഒപ്പ് :

സ്ഥലം:

സ്കൂൾ സീൽ

തിയതി :

*കുറിപ്പ്: സന്ദർശന ടീം സ്കൂൾ സ്പെസിഫിക് റിപ്പോർട്ട് പ്രത്യേകമായി തയ്യാറാക്കി സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം സമർപ്പിക്കേണ്ടതാണ്.*